നം. ടിഎ3-9202/16

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
തൃശ്ശൂർ ഡിവിഷൻ, അയ്യന്തോൾ
ഫോൺനം:0487-2361268
തിയതി: 10.11.2016
ഇ.മെയിൽ : **dfo-tsr.for@kerala.gov.in**

## തൃശ്ശൂർ ഡിവിഷൻ

## ലേല പരസ്യം

2017 - വർഷത്തിൽ തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മച്ചാട്, വടക്കാഞ്ചേരി, പട്ടിക്കാട് എന്നീ റെയിഞ്ചുകളിലെ വിൽപ്പന യോഗ്യമായിട്ടുള്ള തൊണ്ടി തടികൾ വിറക് മറ്റ് തൊണ്ടി വകകൾ എന്നിവയും വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളിൽ നിന്ന് മുറിച്ചു ശേഖരിച്ച വയും അതാത് റെയിഞ്ചാഫീസിൽ വച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന തീയതികളിലും സമയ ത്തും തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധി ആയി പ്രഖ്യാപിക്കുന്ന ദിവസം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് ലേലം നടത്തുന്നതാണ്. ലേല ദിവസം ലേലത്തിൽ വയ്ക്കാൻ യോഗ്യമായ വേറെ യും തൊണ്ടി സാധനങ്ങൾ ലഭ്യമായാൽ അവയും ലേല ദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുന്ന താണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുൻപ് ലേലത്തിൽ വെച്ചിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റു വിശദ വിവരങ്ങളും നേരിൽ കണ്ട് ബോധ്യപ്പെട്ടി രിക്കേണ്ടതാണ്. ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെ കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല. ഓരോ ലേലത്തിലും വിൽക്കാനുദ്ദേശിക്കുന്ന തടികൾ മറ്റ് വനവിഭവങ്ങൾ മുതലാ യവയെപ്പറ്റിയുള്ള വിശദ വിവരങ്ങൾ അതാത് റെയിഞ്ചാഫീസിൽ നിന്നും ലേലത്തിന് മുൻപ് അറിയാ വുന്നതാണ്. മുൻ ലേലത്തിൽ സ്ഥിരപ്പെടാത്ത ഏതെങ്കിലും ലോട്ടുകൾ ഉണ്ടെങ്കിൽ അവയും ലേലത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 2.12.2009 ൽ പ്രൊ5-6835/09 നമ്പരായിട്ടുള്ള 50 - ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല നിബന്ധനകളും കാലാകാലങ്ങളിൽ വനം വകുപ്പിൽ നിലവിലുള്ള മറ്റ് വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും. കോടതി ഉത്തരവ് പ്രകാരം വിൽപ്പനയ്ക്ക് വെച്ചിട്ടുള്ള തൊണ്ടി തടികളുടെ മുഴുവൻ തുകയും വിജയിയായ ലേലക്കാരൻ ലേല ദിവസം കെട്ടിവെയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ഈട്ടി, തേക്ക് എന്നിവ ലേലം

(പേജ് 2 ൽ തുടർച്ച)

ചെയ്യുന്നതിന് 20,000/- (രൂപ ഇരുപതിനായിരം മാത്രം) രൂപയും മറ്റു തടികൾക്ക് 10000/- (രൂപ പതിനായിരം മാത്രം) രൂപയും മറ്റു വനവിഭവങ്ങൾക്ക് 2000/- രൂപയും (രൂപ രണ്ടായിരം മാത്രം) നിരത ദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്. റെയിഞ്ചിന്റെ പേരും ലേലം തീയതികളും താഴെ പട്ടികയിൽ ചേർക്കുന്നു.

| മാസം | പട്ടിക്കാട് റെയിഞ്ച് രാവിലെ 11 മണി | മച്ചാട് റെയിഞ്ച് രാവിലെ 11 മണി | വടക്കാഞ്ചേരി റെയിഞ്ച് ഉച്ചക്ക് 3 മണി |
|---|---|---|---|
| ജനവരി | 11.01.2017 | 19.01.2017 | 19.01.2017 |
| ഫെബ്രുവരി | 08.02.2017 | 21.02.2017 | 21.02.2017 |
| മാർച്ച് | 13.03.2017 | 28.03.2017 | 28.03.2017 |
| ഏപ്രിൽ | 18.04.2017 | 27.04.2017 | 27.04.2017 |
| മേയ് | 09.05.2017 | 25.05.2017 | 25.05.2017 |
| ജൂൺ | 07.06.2017 | 19.06.2017 | 19.06.2017 |
| ജൂലൈ | 12.07.2017 | 26.07.2017 | 26.07.2017 |
| ആഗസ്റ്റ് | 10.08.2017 | 23.08.2017 | 23.08.2017 |
| സെപ്റ്റംബർ | 13.09.2017 | 27.09.2017 | 27.09.2017 |
| ഒക്ടോബർ | 10.10.2017 | 19.10.2017 | 19.10.2017 |
| നവംബർ | 08.11.2017 | 22.11.2017 | 22.11.2017 |
| ഡിസംബർ | 11.12.2017 | 20.12.2017 | 20.12.2017 |

കൂടുതൽ വിവരങ്ങൾ പട്ടിക്കാട്/മച്ചാട്/വടക്കാഞ്ചേരി റെയിഞ്ചുകളിൽ നിന്നും ലഭിക്കുന്നതാണ്

ഡിവിഷണൽ ഫോറസ്റ്റാഫീസ്,
തൃശ്ശൂർ, അയ്യന്തോൾ.

ജോർജി പി. മാത്തച്ചൻ,IFS
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ
(കേരള ഗവർണർക്കു വേണ്ടി)

വി. പി. എൽ 11.11.16